**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1343** **15-10-2026-ൽ മറുപടിയ്ക്ക്**

**സർവേയർ ഗ്രേഡ് 2 -ന്റെ ഒഴിവുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ടി. സൂരജ് ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ സർവേയർ ഗ്രേഡ് 2 -ന്റെ എത്ര തസ്തികകൾ നിലവിലുണ്ട്; വിശദമാക്കുമോ;

**മറുപടി:** സർവേയും ഭൂരേഖയും വകുപ്പിൽ സർവെയർ ഗ്രേഡ് I, സർവെയർ ഗ്രേഡ് II എന്നീ വിഭാഗങ്ങളിലായി ആകെ 1,898 തസ്തികകളാണുള്ളത്.

**(ബി)** സർവേയർ ഗ്രേഡ് 2-തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

**മറുപടി:** സർവെയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം-1. നിലവിലുള്ള ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**(സി)** 2026,2027,2028 വർഷങ്ങളിൽ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

**മറുപടി:** 2026, 2027, 2028 വർഷങ്ങളിൽ സർവെയർ തസ്തികയിൽ പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകളുടെ എണ്ണം ബന്ധപ്പെട്ട ഓഫീസ് രേഖകളും, സർവീസ് രേഖകളും, വിരമിക്കൽ വിവരങ്ങളും പരിശോധിച്ചതിൽ, 2026 ൽ ഡിസംബർ 31 വരെയുള്ള എല്ലാ ഒഴിവുകളും മുൻകൂട്ടി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

2027 ലെ പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം (സർവെയർ) -50.

2028 ലെ പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം (സർവെയർ) -36.

**സെക്ഷൻ ഓഫീസർ**